# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 252 — 15/02/2013 ൽ മറുപടിക്ക്

## സ്കൂൾ വിദ്യാർത്ഥികൾക്ക് ടാബ്‌ലറ്റ് കമ്പ്യൂട്ടറുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.റ്റി.ജോർജ്:<br>ശ്രീ. എം.എ.വാഹിദ്:<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി:<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ: | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും ടാബ്‌ലറ്റ് കമ്പ്യൂട്ടറുകൾ നൽകാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| ബി) | വിദ്യാർത്ഥികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി ലഭിക്കുന്നത്; വിശദമാക്കുമോ; | ബി) | വിദ്യാർത്ഥികൾക്ക് അവരുടെ പഠനം ആയാസ രഹിതമാക്കുക, ലോകോത്തര നിലവാരമുള്ള ഉള്ളടക്കങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക, കുട്ടികളുടെ പാഠപുസ്തക ഭാരം കുറയ്ക്കുക, ഓൺലൈൻ, ഇ-ലേണിംഗ് മേഖലകളിൽ കുട്ടികൾക്ക് അവഗാഹം ഉണ്ടാക്കുക എന്നിവയാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. |
| സി) | ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാമാണ്? | സി) | സംസ്ഥാന പ്ലാൻ ഫണ്ട് വിഹിതം, എം.പി, എം.എൽ.എ ഫണ്ടുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ, എസ്.സി./എസ്.ടി. ന്യൂനപക്ഷ വകുപ്പുകളുടെ ഫണ്ട് എന്നിവയ്ക്കൊപ്പം കേന്ദ്ര സഹായവും കൂടി ലഭ്യമാക്കി പദ്ധതി നടപ്പാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ